## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5335** **12-08-2021 - ൽ മറുപടിയ്ക്ക്**

## കാസർകോട് ജില്ലയിലെ വൈദ്യുതി വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ വൈദ്യുതി വിതരണത്തിൽ നിരന്തരം തടസമുണ്ടാകുന്നത് (പ്രത്യേകിച്ച് മഴക്കാലത്ത് ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുതി ഉപകരണങ്ങൾ, മറ്റ് അനുബന്ധ സാധന സാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ ജില്ലയിലെ വിവിധ സെക്ഷൻ ഓഫീസുകൾ സ്വയം പര്യാപ്തമാണോ ; അല്ലെങ്കിൽ എന്തിന്റെയെല്ലാം കുറവാണുള്ളതെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അല്ല. നിലവിൽ ജില്ലയിലെ സെക്ഷനാഫീസുകളുടെ കീഴിൽ 9 മീറ്റർ പോസ്റ്റ്, 8 മീറ്റർ പോസ്റ്റ്, എ പോൾ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. |
| (സി) | വിവിധ സെക്ഷൻ ഓഫീസുകൾ ജീവനക്കാരുടെ കാര്യത്തിൽ സ്വയം പര്യാപ്തമാണോ ;വിവിധ സെക്ഷൻ ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ടെന്നും അവയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതാണെന്നും ,അവ എന്നത്തേക്ക് നികത്താനാകുമെന്നും വ്യക്തമാക്കാമോ; | (സി) | അല്ല. ഓരോ സെക്ഷനാഫീസിന്റെ കീഴിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും, 3 സബ് എഞ്ചിനീയറുടെയും, 6 ഓവർസീയറുടെയും, 12 ലൈൻമാൻമാരുടെയും, 6 ഇലക്ട്രിസിറ്റി വർക്കറുടെയും, ഒരു സീനിയർസൂപ്രണ്ടിന്റെയും, 1 സീനിയർ അസിസ്റ്റന്റിന്റെയും, 1 കാഷ്യറുടെയും തസ്തികകളാണുള്ളത്. ഒഴിഞ്ഞു കിടക്കുന്ന തസ്തിക കളുടെ എണ്ണമടങ്ങുന്ന വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പുതിയ കണക്ഷനു വേണ്ടി എത്ര അപേക്ഷകൾ ഓരോ സെക്ഷനുകളിലും ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവയിൽ കണക്ഷൻ നൽകാനാവാതെ എത്ര കാലമായി പ്രസ്തുത അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന് സെക്ഷൻ തിരിച്ചു വ്യക്തമാക്കാമോ; | (ഡി) | പുതിയ കണക്ഷനുമായി ബന്ധപ്പെട്ട് ജൂലൈ മാസത്തിൽ ലഭിച്ച അപേക്ഷകളുടെ സെക്ഷൻ തലത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ അപേക്ഷകളൊന്നും കെട്ടികിടക്കുന്നില്ല. എന്നാൽ മറ്റൊരു പുരയിടത്തിലൂടെ ലൈൻ വലിക്കുവാൻ അനുവാദം ലഭിക്കാത്തതുമൂലം കണക്ഷൻ നൽകുവാനായി ADMന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു. ഇത് കൂടാതെ ഭീമനടി സെക്ഷനാഫീസിന്റെ കീഴിൽ ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കാത്തതുമൂലം ഒരു അപേക്ഷയ്ക്കും നിലവിൽ കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | കാസർകോട് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിൾ വഴി ഏതെല്ലാം ഭാഗങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് അറിയിക്കാമോ? | (ഇ) | കാസറഗോഡ് ടൗണിൽ ഭാഗികമായും, അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, സിവിൽ സ്റ്റേഷൻ കോംപ്ലക്സിലും, കുറ്റിക്കോൽ സെക്ഷന്റെ പരിധിയിലും, കാഞ്ഞങ്ങാട് ടൗണിൽ ഭാഗികമായും, പടന്നക്കാട്ടും, അമ്പലത്തറയിലും ഭാഗികമായി അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

Annexure LA 5335 ©

| ഇല. സെക്ഷൻ | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|
| | അസിസ്റ്റന്റ് എഞ്ചിനീയർ | സീനിയർ സൂപ്രണ്ട് | സബ് എഞ്ചിനീയർ | ഓവർസീയർ | സീനിയർ അസിസ്റ്റന്റ് | കാഷ്യർ | ലൈൻ മാൻ | ഇലക്ട്രിസിറ്റി വർക്കർ |
| കാസറഗോഡ് | | | | 3 | | | | 1 |
| നെല്ലിക്കുന്ന് | | | | | | | 3 | |
| കുമ്പള | | | | 1 | | | 3 | |
| ഉപ്പള | | | | 1 | 1 | | 1 | 2 |
| മഞ്ചേശ്വരം | | | 1 | 1 | | | | |
| വോർക്കാടി | | 1 | | 2 | | | 3 | 2 |
| പൈവളിഗെ | | | 1 | 1 | 1 | 1 | 2 | 1 |
| ചെർക്കള | | | | | 1 | | 2 | |
| ബദിയഡുക്ക | | 1 | | 1 | | | 4 | |
| മുള്ളേരിയ | | | | 2 | | 1 | | |
| ഉദുമ | | | 1 | | 1 | 1 | | |
| കുറ്റിക്കോൽ | | | | | | | 1 | 1 |
| ചട്ടംഞ്ചാൽ | | | | | | | | |
| പെർള | | | 2 | 1 | 1 | | 1 | 3 |
| സീതാംഗോളി | | | | | | | 2 | |
| കാഞ്ഞങ്ങാട് | | | | 2 | 1 | | 3 | 3 |
| ബളാംതോട് | | 1 | 1 | | 1 | | 1 | 1 |
| ഭീമനടി | | | | 4 | 1 | | 1 | 2 |
| ചിത്താരി | 1 | | | | | 1 | 2 | |
| ചോയ്യങ്കോട് | | | | 1 | | 1 | 2 | |
| കയ്യൂർ | | 1 | | 2 | | 1 | 1 | 1 |
| മാവുങ്കാൽ | | | | 1 | | 1 | 1 | 4 |
| നല്ലോമ്പുഴ | | 1 | 2 | 1 | | | 1 | |
| നീലേശ്വരം | | 1 | | 3 | | | 1 | 1 |
| പടന്നക്കാട് | | 1 | | 2 | | | 1 | 1 |
| പടന്ന | | | 1 | 2 | 1 | | 1 | 1 |
| പെരിയ ബസാർ | | | | 1 | | | 2 | 1 |
| പിലിക്കോട് | 1 | 1 | | 1 | | | | 1 |
| രാജപുരം | | | | 2 | | | 1 | |
| തൃക്കരിപ്പൂർ | | 1 | | | | | | |